ജി എച്ച് എസ്
ചേരിയം
മങ്കട



# വെളിച്ചം



| | |
|---|---|
| ജില്ല | മലപ്പുറം |
| സബ്ജില്ല | മങ്കട |
| ഹെഡ്മാസ്റ്റർ | അൻവർ ബഷീർ |



മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ മങ്കട ഉപജില്ലയിൽ മങ്കട പഞ്ചായത്തിൽ വാർഡ് നം. 6 ൽ ചേരിയം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ജി. എച്ച്. എസ്. ചേരിയം മങ്കട ഏകദേശം 80 വർഷത്തോളമായി മങ്കട പഞ്ചായത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. 1938 ആഗസ്റ്റ് 13 ന് മങ്കട ചേരിയം ഗ്രാമപ്രദേശത്ത് സ്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.
സ്ഥലത്തെ പൗരപ്രമുഖനായിരുന്ന ജ. തയ്യിൽ കമ്മാലി സാഹിബ് ഒരു കെട്ടിടം ഉണ്ടാക്കി വാടകക്ക് നൽകുകയുണ്ടായി. ശേഷം 1969 ൽ കുമാരഗിരി ഗ്രൂപ്പ് എസ്റ്റേറ്റ് സൗജന്യമായി നൽകിയ വസ്ത്തുക്കൾ ഉപയോഗിച്ച് പി. ടി. എ. സമിതി പ്രസ്തുത സ്ഥലത്തുതന്നെ നിർമ്മിച്ച ഷെഡിലും തൊട്ടടുത്ത മദ്രസ കെട്ടിടത്തിലുമാണ് വിദ്യാലയം പ്രവർത്തിച്ചത്. ഈ അവസരത്തിൽ ശ്രീമതി കിഴക്കേപ്പാട്ട് ശ്രീദേവിയമ്മ സ്കൂളിന് അനുയോജ്യമായ ഒരേക്കർ സ്ഥലത്തിന്റെ ജന്മാവകാശവും അന്നത്തെ പി. ടി. എ. പ്രസിഡന്റ് ആയിരുന്ന നെല്ലേങ്ങര മരയ്ക്കാർ കുട്ടി ഹാജി മേൽപറഞ്ഞ സ്ഥലത്തിന്റെ കൈവശാവകാശവും സർക്കാരിന് നൽകി.
1972 ജൂൺ നാലാം തിയ്യതി അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി. എച്ച്. മുഹമ്മദ് കോയ സാഹിബ് സ്കൂളിന്റെ ഉദ്ഘാടനം ചെയ്തു. 1981 –82 വർഷത്തിൽ യു. പി. സ്കൂൾ ആയും 2013 – 14 വർഷത്തിൽ ഹൈ സ്കൂൾ ആയും ചേരിയം സ്കൂൾ അപ്ഗ്രേഡ് ചെയ്തു . ഇപ്പോൾ സ്കൂളിൽ പ്രീ പ്രൈമറി മുതൽ ഹൈ സ്കൂൾ വരെ 1065 കുട്ടികൾ പഠിക്കുന്നുണ്ട്.

## കഥ





## കവിത

## ലേഖനം



# നിരക്ഷരർ

ആകാശഭൂമികളിൽ
അധിവസിക്കുന്നവർ അത്രയും
നിരക്ഷരർ......
ആ മഹാനുഭാവന്റെ നടപ്പതു
കണ്ടാലവനേതോ അധോലോക
നായകൻ സാത്താന്റെ
മാലാഖമാർക്കു പോലുമില്ല നിൻ
ദാക്ഷണ്യം പിന്നെന്തിന് മനുഷ്യാ
നിന്റെ രക്തത്തിന് ഇത്ര കടുപ്പം
നഖ ശിഖരത്തിലെ രക്തക്കറ
തുടച്ചാൽ നീ വിശുദ്ധൻ ഗംഗയിൽ
ജ്ഞാന നിഢംബരൻ ആയിരിക്കുന്ന
അവനും അതെ അക്ഷര
പ്രണയികൾ എല്ലാം കവികൾ
അല്ല...
അവർ പ്രാണവായി ശ്വസിക്കുന്നവർ
ജീവിക്കുന്നവർ....
മനശാന്തി ഉള്ളവരെല്ലാം
സന്യാസിമാർ അല്ല സൽസ്വഭാവികൾ
ദിവശക്തി ആവാഹിച്ചവരെല്ലാം
ദൈവങ്ങളല്ല
അവർ കൺകുളിർമ പാകുന്നവർ....
പിന്നെ ഏതൊന്ന് നിന്റെ
അഹംഭാവത്തിന് കാരണം
അർഹിക്കുന്നു..


**അഷ്മിദാ ഷിറിൻ**



# അമ്മ മലയാളം

ഒരു മനുഷ്യൻറെ ജീവിതത്തിൽ മാതൃഭാഷയ്ക്ക് പെറ്റമ്മയുടെ സ്ഥാനമാണുള്ളത് എന്ന് മഹാകവി വള്ളത്തോളിന്റെ എൻറെ ഭാഷ എന്ന കവിതയിലെ വരികളിൽ നിന്നും വ്യക്തമാണ് അമ്മയുടെ മുഖത്ത് നിന്ന് തന്നെ നാം കേട്ട് പഠിക്കുന്നതാണ് മാതൃഭാഷ അതുകൊണ്ടുതന്നെ ഒരു വ്യക്തിയുടെ ഉള്ളിൽ ആദ്യമായി തെളിയുന്നതും അവൻറെ മാതൃഭാഷയാണ് കേരളത്തിൽ ഇന്ന് ആളുകൾ മലയാള ഭാഷ മറന്ന് മറ്റു ഭാഷകളെ സ്നേഹിച്ചു തുടങ്ങിയിരിക്കുകയാണ് ആറു മലയാളിക്ക് 100 മലയാളം ഒരു മലയാളിക്കും മലയാളമില്ല കുഞ്ഞുണ്ണി മാഷുടെ കവിത പോലെ മലയാളികൾക്ക് ഇന്ന് മലയാളം ഇല്ല ഇന്ന് ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം നമുക്ക് ശ്രേഷ്ഠഭാഷാ പദവിയും ലഭിച്ചിരിക്കുന്നു കേരളത്തോടൊപ്പം ലക്ഷദ്വീപ് മാഹി എന്നീ പ്രദേശങ്ങളിലും സംസാരഭാഷ മലയാളമാണ് ലോകത്ത് മൂന്നര കോടിയിലധികം ആളുകൾ മലയാളം സംസാരിക്കുന്നവരായി 1999 നവംബർ 17നാണ് യുനെസ്കോയുടെ മാതൃഭാഷാ ദിനം പ്രഖ്യാപിച്ചത് ഫെബ്രുവരി 21നാണ് മാതൃഭാഷാ ദിനമായി ആചരിക്കുന്നത് ഭാഷയുടെ വൈവിധ്യം ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ച് ആളുകൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ലോകത്താകമാനം ഫെബ്രുവരി 21 ലോക മാതൃഭാഷാ ദിനമായി ആചരിക്കുന്നത് രണ്ടായിരത്തിലെ യുഎൻ ജനറൽ അസംബ്ലിയിൽ ഇത് ശരി വയ്ക്കുകയും ലോക മാതൃഭാഷാ ദിനം ലോകം ആചരിക്കുകയും ചെയ്തു ഈ മാതൃഭാഷാ ദിനത്തിൽ നമുക്ക് പ്രതിജ്ഞ എടുക്കാം അമ്മ മലയാളത്തെ നമുക്ക് സംരക്ഷിക്കാം

വിനയ



# അനുസരണക്കേടിന്റെ ഫലം

മുറ്റത്തെ മാവിൻ കൊമ്പിലാണ് കുഞ്ഞി തത്തയുടെ താമസം ചുവന്ന കൊക്കും പച്ചയുടുപ്പും ഇട്ട ഒരു കൊച്ചു സുന്ദരിയാണ് കുഞ്ഞിത്തത്ത മാവിൻറെ കൊമ്പിൽ അവൾ നടക്കുന്നത് കാണാൻ നല്ല രസമാണ് അടുത്ത മരത്തിലെ ഒക്കെ പറക്കാൻ അവൾക്ക് വലിയ ആഗ്രഹമാണ് പറഞ്ഞിട്ടെന്ത് ചിറക് പൂർണ്ണമായും വളർന്നിട്ടില്ല നേരം വെളുത്താൽ കുഞ്ഞിതത്തെ തനിച്ചാക്കി അമ്മ തത്ത ഇര തേടി പോകും പിന്നെ വൈകുന്നേരം ആണ് വരിക പോകുമ്പോൾ കുഞ്ഞി തത്തയെ അമ്മ തത്ത ഓർമ്മപ്പെടുത്തും മോളെ ദൂരേക്കൊന്നും പോകരുത് ചുറ്റും ശത്രുക്കളാണ് ഞാൻ വരുന്നത് വരെ കൂട്ടി തന്നെ ഇരിക്കണം അത് കേട്ട് കുഞ്ഞി തത്ത തലയാട്ടും എന്നാൽ അമ്മ പോയ തക്കം നോക്കി കുഞ്ഞി തത്ത മെല്ലെ മുറ്റത്തേക്ക് വന്നു അവൾ ചുറ്റും നോക്കി ആരുമില്ല അമ്മ തിരിച്ചു വരുന്നതിനു മുമ്പ് കൂട്ടിൽ എത്താം എന്ന് വിചാരിച്ചു അവൾ മുറ്റത്തുകൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി ഇതെല്ലാം പാണ്ടൻ പൂച്ച കാണുന്നുണ്ടായിരുന്നു കുറെ നാളായി അവൻ കുഞ്ഞി തത്ത മരക്കൊമ്പിൽ കാണുന്നു ഇപ്പോൾ ഇതാ അവസരം എത്തിയിരിക്കുന്നു ഇനി ഒരു നിമിഷം വൈകി കൂടാം പാണ്ടൻ വിചാരിച്ചു ഇതൊക്കെയുണ്ടോ അറിയുന്നു അവൾ മുറ്റത്തെ അരിമണിയും പൊറുക്കി തിന്നു ചാടി ചാടി നടക്കുകയാണ് പെട്ടെന്നാണ് പതുങ്ങിയിരുന്ന പാണ്ടൻ പൂച്ച കുഞ്ഞിത്തത്തയുടെ പേര് ചാടി വീണത് കയ്യിൽ കിട്ടി എന്ന് പറഞ്ഞ് പാണ്ടൻ സന്തോഷിച്ചു അപ്പോൾ ദൂരെ നിന്നും പറന്നുവന്ന അമ്മ തത്ത പാണ്ടന്റെ തലയ്ക്ക് ആഞ്ഞൊരു കൊത്ത്  പേടിച്ചുപോയ പാണ്ടൻ കുഞ്ഞി തത്തയെ വിട്ട് എവിടെക്കോ ഓടിപ്പോയിപാണ്ടൻ പൂച്ചയുടെ പിടിയിൽ നിന്ന് രക്ഷപ്പെട്ട കുഞ്ഞിത്തത്ത അമ്മയെ പിടിച്ച് നിലവിളിച്ചു അമ്മ തക്ക സമയത്ത് വന്നില്ലായിരുന്നെങ്കിൽ എൻറെ ദൈവമേ അമ്മ പറഞ്ഞത് കേൾക്കാതെ പ്രവർത്തിച്ചതിന്റെ ഫലം ഉചിതതയ്ക്ക് കിട്ടി അതിൽ പിന്നെ കുഞ്ഞി തത്ത അനുസരണക്കേട് കാണിച്ചിട്ടേയില്ല

# അന്തി

അന്തി പിറന്നാൽ എന്തഴക്
അന്തിവിണ്ണിനെന്തഴക്
 അന്തി ചുവപ്പാണ് അങ്ങകലെ
ആഹാ  കാണാൻ എന്തഴക്
 പറവ കൂട്ടം ചേക്കേറാൻ
പാട്ടും പാടി പോകുന്നു
 കൂടില്ലാത്ത ഒരു വെൺമുകിലും
 കൂടെ പാറിപ്പോകുന്നു
അങ്ങ് അകലത്തൊരു നക്ഷത്രം
കണ്ണുമിഴിച്ചു ചിരിക്കുന്നു
 മണ്ണിൽ കളികൾ മതിയാക്കി
 കുട്ടനും കൂട്ടരും ഓടുന്നു.
 നിദ പി



# അമ്മ

ഒരേ മുള്ളിനും അപ്പുറം പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ വളർത്തിയോളമ്മ....
കൂരമ്പുകൾ വന്നെന്റെ ചോരയിറ്റിക്കേ....
ഒരു ചിരിപ്പൂ വിടർത്താൻ കരുത്ത് തന്നവൾ
കറുത്ത രാത്രികൾ കാലുതെറ്റിക്കേ ഒരു പൂനിലാ
വെട്ടമായി കാൽ നടത്തിയോൾ.....
സഹന കാലത്തിൻ ഇടവപ്പാതയിൽ
മഴ നനക്കാതെൻ താങ്ങായി നിന്നവൾ.....

റിംന ഫാത്തിമ



# മഴയിലൂടെ ഒരു സൈക്കിൾ യാത്ര

ഒരു മഴക്കാല ദിവസം എനിക്ക് മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു സമ്മാനിച്ചത് ഞങ്ങൾ നാലഞ്ചു കൂട്ടുകാർ ചേർന്ന് കൂട്ടുകാരൻറെ വീട്ടിലേക്ക് ഒരു സൈക്കിൾ യാത്ര നടത്താൻ തീരുമാനിച്ചു അന്ന് ഒരു മഴയുടെ ദിവസമായിരുന്നു മഴയിലൂടെ സൈക്കിൾ യാത്ര ചെയ്യുന്നത് വല്ല വളരെ രസകരമാണ് ഞങ്ങൾ അങ്ങനെ യാത്ര ആരംഭിച്ചു ഒരു ചാറ്റൽ മഴയുണ്ടായിരുന്നു പകുതി വഴിയെത്തിയപ്പോഴേക്ക് ശക്തമായി മഴപെയ്യാൻ തുടങ്ങി എന്ത് രസം മഴയും കൊണ്ട് തണുത്ത് ഞങ്ങൾ ആസ്വദിച്ച് സൈക്കിൾ ചവിട്ടി യാത്ര ഒരു മനോഹര യാത്ര തന്നെയായിരുന്നു ഇങ്ങനെ ഒരു സൈക്കിൾ യാത്ര ഇതുവരെ നടത്തിയിട്ടില്ല അത്രയ്ക്കും മനോഹരമായിരുന്നു ഞങ്ങൾ കൂട്ടുകാരൻറെ വീട്ടിലെത്തി അപ്പോഴേക്കും മഴയുടെ ശക്തി കുറഞ്ഞു പിന്നീട് ഞങ്ങൾ കുളത്തിലേക്ക് പോയി അവിടെ കുറെ നേരം നീന്തികളിച്ചു രസിച്ചു സമയം ചിലവഴിച്ചു ആ ദിവസം ഒരു മറക്കാനാവാത്ത മഴ ദിവസമായിരുന്നു ഈ പണി തുടങ്ങിയിട്ടുണ്ട്

മുഹമ്മദ് സിനാൻ എ



# ആസ്വാദനക്കുറിപ്പ്

ബെന്യാമിൻ യുവഎഴുത്തുകാരുമയി ചേർന്നെഴുതിയ
കുറ്റാന്വേഷണ നോവലാണ് പുഴമീനുകളെ കൊല്ലുന്ന വിധം
ഇങ്ങനെയുള്ള ഒരു നോവൽ വായിക്കുന്നത് ആദ്യമായാണ് ഈ
നോവലിന്റെ ഒരു പ്രത്യേകതയായി തോന്നിയത് ഇതിന്റെ
അവസാന ഭാഗം തന്നെയാണ് പുഷ്പൻ എന്ന കഥാപാത്രത്തെ
കുറിച്ച് കൂടുതലൊന്നും പ്രതിപാദിക്കുന്നില്ലെങ്കിലും അവസാനം
കഥ പറയുന്നത് അയാളാണ് ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു
വ്യക്തി കഥപറയുന്നതു പോലെ തോന്നി
ചിറ്റപ്പൻ എന്നറിയപ്പെടുന്ന ഭാസ്കര പിള്ളയുടെ മരണവും
തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് നോവലിൽ പ്രതിപാദി
ക്കുന്നത് പ്രധാന കഥാപാത്രമായ ജയേന്ദ്രൻ ഭാസ്കരപിള്ള
മരിച്ചിട്ടില്ലെന്ന് കണ്ടെത്തുന്നതോടെ കഥയുടെ വഴിമാറുന്നു
പിന്നീടങ്ങോട്ട് എസ്തറിന്റെ കത്തുകളെപ്പറ്റിയുള്ള
അന്വേഷണമാണ് ഭാസ്കരപിള്ളയും എസ്തേറും തമ്മിലുള്ള
ബന്ധമാണ് പിന്നീടങ്ങോട്ട് അന്വേഷിക്കുന്നത്
കുറ്റാന്വേഷണ നോവൽ ആണെങ്കിലും കുറ്റം അന്വേഷിക്കാൻ
ഒരാളില്ല ഒരു ഡയറിയിലെ പേജുകളാണ് അവസാനം കുറ്റം
തെളിയിക്കുന്ന കഥ പറയുന്നത്
ഒരുകൂട്ടം ആളുകൾ ചേർന്നെഴുതിയ നോവലിലെ ആദ്യ
അധ്യായവും അവസാന അധ്യായവും എഴുതിയിരിക്കുന്നത്
ബെന്യാമിൻ തന്നെയാണ് കഥക്ക് ഒരടിത്തറ പാകി ഒരുപാട്
തലങ്ങളിലൂടെ കൊണ്ടുപോയി അവസാനിപ്പിച്ചത് അദ്ദേഹം
തന്നെയാണ് മലയാള സാഹിത്യത്തിലെ പുതിയ ഒരു എഴുത്ത്
രീതിക്ക് തുടക്കം കുറിക്കുയാണ് പുഴമീനുകളെ കൊല്ലുന്ന വിധം
എന്ന നോവൽ

# പ്രിയപ്പെട്ട പട്ടിക്കുട്ടി

അന്ന് ഒരു മഴയുള്ള ദിവസമായിരുന്നു. ആ മഴയും ആസ്വദിച്ച് നിൽക്കുമ്പോഴാണ് എൻറെ വീടിൻറെ പിറകിൽ നിന്ന് ഒരു നിലവിളി ശബ്ദം ഞാൻ കേട്ടത്. ഞാൻ പെട്ടെന്ന് പിറകിലേക്കോട അവിടെ ഞാൻ കണ്ട കാഴ്ച എന്നെ വിഷമിപ്പിച്ചു. ഒരു പട്ടിക്കുട്ടി ദേഹത്തെല്ലാം മുറിവുകളുമായി കിടക്കുന്നു. ഞാൻ വേഗം ഓടി അച്ഛനെ വിളിച്ചു കൊണ്ടുവന്നു. ഞങ്ങൾ അതിനെയും എടുത്ത് ആശുപത്രിയിലേക്ക് പോയി. ആശുപത്രിയിൽ നിന്ന് അവൻറെ മുറിവുകൾ കെട്ടി അവനു വേണ്ട മരുന്നു കൊടുത്തു. ഞങ്ങൾ തിരിച വീട്ടിലേക്ക് കൊണ്ടുവന്നു. ഇവനെ ഇന്ന് മുതൽ നിങ്ങൾ നന്നായി നോക്കണം എന്ന് ഡോക്ടർ നിർദ്ദേശിച്ചത് അനുസരിച്ച് ഞാൻ അവനെ വളർത്താൻ തീരുമാനിച്ചു. അവന് ഞാൻ ഒരു പേരിട്ടു "സിംബ". ഞാൻ സിംബയെ എൻറെ അനിയനെ പോലെ വളർത്തി. അവന് എന്നെയും എനിക്ക് അവനെയും കാണാതിരിക്കാൻ സാധിക്കുന്നില്ലായിരുന്നു. അങ്ങനെ പെട്ടെന്നൊരു ദിവസം മുൻപ് കേട്ടതുപോലെയുള്ള ഒരു ശബ്ദം ഞാൻ കേട്ടു. ഞാൻ പുറത്തിറങ്ങി നോക്കിയപ്പോൾ ഒരു ഒരു വലിയ ചെന്നായ എന്റെ പാവം പട്ടിക്കുഞ്ഞിനെ ഓടിച്ചു കൊണ്ടുപോയി. ഞാൻ അച്ഛനെ വിളിച്ചു വരുമ്പോഴേക്കും ആ ചെന്നായ് അവനെയ ഓടിച്ചു കൊണ്ടുപോയിട്ടുണ്ടായിരുന്നു. അവനെ ഞങ്ങൾ അവിടെ മുഴുവൻ തിരഞ്ഞു. വളരെനേരം തിരഞ്ഞതിനുശേഷം ഞാൻ വിഷമത്തോടെ തിരിച്ചു പോന്നു. ഓരോ ദിവസവും ഞാൻ അവൻ തിരിച്ചുവരും എന്ന് വിശ്വാസത്തോടെ കാത്തിരുന്നു. എൻറെ കാത്തിരിപ്പ് വെറുതെയാണ് എന്നെനിക്കറിയാമായിരുന്നു. എന്നാലും ഞാൻ ആ ചെന്നായ അവൻറെ അമ്മയാണ് എന്ന് വിചാരിച്ച് എൻറെ മനസ്സിനെ ആശ്വസിപ്പിച്ചു.

# മികവുകൾ


Junior Red Cross
Congratulations




MANKADA SUB DISTRICT
GHS CHERIYAM
Congratulations


Congrats!
Khelo india
womens league
2023


inspire
AWARD


Second A Grade
GHS CHERIYAM


2

# വെ
# ളി
# ച്ചം

